കമ്പനിക്കാവശ്യമായ അസംസ്കൃത പദാർത്ഥമായ തടി ലഭ്യമാക്കുന്നതിന് വേണ്ട നടപടിയും സ്വീകരിച്ചുവരുന്നു. (1-4-1990-ൽ മാത്രം വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുള്ള കേരളാ സാലിസിലേറ്റ്സ് ആൻറ് കെമിക്കൽസിനെക്കുറിച്ച് വിലയിരുത്തലുകളൊന്നും നടത്തിയിട്ടില്ല).

ടൈപ്പുറൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ നടത്തുന്നതിന് ലോൺ

7. [2259] ശ്രീ. കെ. എ. ചന്ദ്രൻ :
,, പി. ബാലൻ :
ശ്രീമതി എം. ടി. പത്മ :
ശ്രീ. വി. ദിനകരൻ :
,, ടി. എച്ച്. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിന്റെ ശുപാർശയോടെ ബി. ഡി. ഒ. ആഫീസ് വഴി ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ നടത്തുന്നതിനും ജോബ് വർക്ക് ആരംഭിക്കുന്നതിനുമായി കേരളത്തിൽ മൊത്തം 1988 ജനുവരി 1 മുതൽ 1990 മാർച്ച് വരെ എത്ര പേർക്ക് ലോൺ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇങ്ങനെ എത്ര ടൈപ്പുറൈറ്റർ നൽകിയിട്ടുണ്ട് ;

(സി) എത്ര പേർ സ്ഥാപനങ്ങൾ നടത്തിവരുന്നുണ്ട് ;

(ഡി) എത്ര പേർ ലോൺ എടുത്തശേഷം സ്ഥാപനം നടത്താതിരിക്കുന്നുണ്ട് ;

(ഇ) ലോൺ എടുത്ത് സ്ഥാപനം തുടങ്ങിയവർ സ്ഥാപനങ്ങൾ തുടർന്നുനടത്തുന്നുണ്ടോ ഇല്ലയോ എന്ന് ഉറപ്പുവരുത്തുന്നതിലേക്കായി പരിശോധന നടത്തുവാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ ;

(എഫ്) ടൈപ്പ്റൈറ്ററുകൾ കൈമാറ്റം ചെയ്തവർക്കെതിരെ നടപടികൾ സ്വീകരിക്കുമോ ;

(ജി) അടുത്തടുത്ത് ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുന്നതുമൂലം 90 ശതമാനം ഇൻസ്റ്റിറ്റ്യൂട്ടുകളിലും വിദ്യാർത്ഥികൾ ഇല്ലാതാവുന്ന സാഹചര്യം കണക്കിലെടുത്ത് അത്തരം ദുരവസ്ഥ ഉണ്ടാകാതിരിക്കുവാൻ എന്തെങ്കിലും വ്യവസ്ഥ ഉണ്ടാക്കുമോ ?

ഉത്തരം

(എ, ബി, സി, ഡി, ഇ, എഫ്, ജി) ഗവൺമെൻറിൽ നിന്നും ഇതിനു ശുപാർശയൊന്നും നടത്തിയിട്ടില്ല. ഡിപ്പാർട്ടുമെൻറ് നടത്തിയിട്ടുണ്ടോ എന്ന വിവരം ശേഖരിച്ചു വരുന്നു.

ചാലക്കുടി റിഫ്രാക്ടറീസ് പരിഷ്കരിച്ച് വികസിപ്പിക്കുവാൻ നടപടി

8. [2261] ശ്രീ. കെ. ജെ. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി റിഫ്രാക്ടറീസ് പരിഷ്കരിച്ച് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നത്തേയ്ക്ക് നടപ്പാക്കും എന്ന് പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly